# നീരയുടെ സാധ്യതകൾ

■ കെ.പി. മോഹനൻ (കൃഷിമന്ത്രി)

തെങ്ങിൻ കള്ളിൽ നിന്ന് ഉണ്ടാക്കുന്ന ചക്കര ഒരു കാലത്ത് കേരളത്തിൽ സുലഭമായിരുന്നു. ഇപ്പോഴും അത് ലഭ്യമാണോ എന്ന് സംശയം. തെങ്ങിൻെറ വിടരാത്ത പൂങ്കുലയിൽ നിന്ന് എടുക്കുന്ന ശുദ്ധമായ കള്ള് നീരയായി വിപണിയിലേക്ക് കടക്കുവാൻ കാത്തിരിക്കുകയാണ്. ഔഷധഗുണമുള്ളതും രുചിയേറിയതുമായ ഈ പാനീയം ആൽക്കഹോളിൻെറ അംശം ഇല്ലാത്തതുകൊണ്ട് തന്നെ, കുട്ടികൾ മുതൽ വൃദ്ധർക്ക്വരെ ഉപയോഗിക്കുവാൻ സാധിക്കും. നഷ്ടം കാരണം തെങ്ങ് കൃഷിയെ ഉപേക്ഷിച്ച് മറ്റു കൃഷിയെ ആശ്രയിക്കുന്ന നാളികേരകർഷകർക്ക് നീരയുടെ ഉപയോഗവും വ്യാപനവും വിപണന സാധ്യതയും അത്യന്തം പ്രയോജനകരമാണ്. തേങ്ങയുടെ ഉത്പാദനത്തിന് ഒരു തരത്തിലുമുള്ള പോറലുമേൽക്കാതെ തെങ്ങിൻപൂക്കുലയിൽ നിന്ന് നീര ടാപ്പ് ചെയ്തെടുക്കാനും അതുവഴി ഒരു തെങ്ങിൽ നിന്ന് പ്രതിവർഷം 1,500 രൂപ വരെ കർഷകന് സമ്പാദിക്കാനും സാധിക്കും. നീര ഇതിനകം തന്നെ ശ്രദ്ധനേടിയതിനാൽ വേഗത്തിൽ വിപണി കണ്ടെത്താൻ സാധിക്കും. തൊഴിലവസരങ്ങൾ വർധിപ്പിക്കുകയും ചെയ്യും. നീരയുടെ വൈവിധ്യവത്കരണത്തിന് മലയാളിക്ക് വിദഗ്ധമായ പരിശീലനം ആവശ്യമില്ല എന്നതും അനുഗ്രഹമാണ്. പരമ്പരാഗതമായിത്തന്നെ ശുദ്ധമായ തെങ്ങിൻ കള്ള് ഉപയോഗിച്ചുകൊണ്ട് ചക്കരയുണ്ടാക്കാനും തെങ്ങിൽ നിന്ന് ശുദ്ധമായ മധുരക്കള്ള് ഉണ്ടാക്കാനും മലയാളിക്ക് അറിയാം. കേരളത്തിൻെറ മണ്ണിന് ഏറ്റവും അനുയോജ്യമായ തെങ്ങുകൃഷിയെ തിരിച്ചു കൊണ്ടുവരുവാനും നീരയിലൂടെ സാധിക്കും. അബ്കാരി നിയമത്തിൻെറ കുരുക്കുകൾ ഒഴിവാക്കാനും ആൽക്കഹോൾ വിമുക്തമായ പരിശുദ്ധമായ മധുരക്കള്ള് നീരയായി വ്യാപിപ്പിക്കാനും വേണ്ടിയുള്ള ശ്രമങ്ങൾ നടത്തേണ്ടതുണ്ട്. കേരളത്തിലെ പത്ത് ലക്ഷത്തിലധികം കേരകർഷകരെ സഹായിക്കാനും നീരയുടെ വ്യാപനവും പ്രചാരണവും ഗുണകരമായിരിക്കും. കേരഫെഡ്, സി.പി.എസ്, നാഫെഡ്, സി.ഡി.ബി. തുടങ്ങിയ വിവിധ ഏജൻസികളുടെ സഹകരണത്തോടെ അതിനാവശ്യമായ എല്ലാ ഒത്താശകളും ചെയ്യാൻ കൃഷിവകുപ്പിന് സാധിക്കും.